"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - WP(C) നമ്പർ 7844/2023 (എസ്) -ലെ കേരള ഹൈക്കോടതിയുടെ നിർദ്ദേശം - ഖരമാലിന്യ പരിപാലന ചട്ടം 2016 പാലിക്കുന്നതിന് കൊച്ചി മുനിസിപ്പൽ കോർപ്പറേഷനും, എറണാകുളം ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പ്രചാരണ പ്രവർത്തനങ്ങൾക്കുള്ള പ്രത്യേക നിർദ്ദേശങ്ങൾ നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഡബ്ല്യു.എം.) വകുപ്പ്**

സ.ഉ.(സാധാ) നം.658/2023/LSGD    തീയതി,തിരുവനന്തപുരം, 20-03-2023

---

പരാമർശം:-

1. 08.03.2023, 10.03.2023, 13.03.2023 തീയതികളിലെ WP(C) നമ്പർ 7844-ലെ കേരള ഹൈക്കോടതിയുടെ നിർദ്ദേശങ്ങൾ.
2. 08.03.2023-ലെ ഡബ്ല്യു.എം.3/38/2023/തസ്വഭവ സർക്കുലർ
3. സ.ഉ.(സാധാ) നം.619/2023/എൽ.എസ്.ജി.ഡി. തീയതി 15.03.2023.

**ഉത്തരവ്**

ബഹു.കേരള ഹൈക്കോടതിയുടെ സൂചന (1) പ്രകാരമുള്ള നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഖരമാലിന്യ പരിപാലന ചട്ടം 2016 പാലിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പ്രചാരണ പ്രവർത്തനങ്ങൾ നടത്തുന്നതിന് സൂചന (3) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ആയത് ചുവടെ ചേർക്കുന്നു.

| പ്രവർത്തനം | സമയക്രമം |
|---|---|
| **മുന്നൊരുക്കങ്ങൾ** | **18.03.2023 മുതൽ 31.03.2023 വരെ** |
| ജില്ലാ കോർ കമ്മിറ്റി യോഗം | 18.03.2023 |
| തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളുമായി ജില്ലാ കളക്ടറുടെ യോഗം | 20.03.2023 |
| വാർഡ്തല കമ്മിറ്റി യോഗം | 25.03.2023 |
| വാർഡ്തല കസർ ത്രൂപീകരണം (ഓരോ വാർഡിലും 2 | 30.03.2023 |

| | |
|---|---|
| വീതം) | |
| ശുചിത്വ സ്ക്വാഡുകളുടെ രൂപീകരണം | 31.03.2023 |
| ആരോഗ്യ ജാഗ്രതാ സമിതികളുടെ രൂപീകരണം – ജില്ലാ/തദ്ദേശ സ്ഥാപനതലം | 25.03.2023 |
| വിവിധ സ്രോതസ്സുകളിൽ നിന്നുള്ള ഫണ്ടുകൾ ഏകോപനം | 18.03.2023 |
| ഹരിതകർമ്മ സേനയെ റിസോഴ്സ് പേഴ്സണായി വിന്യസിക്കൽ | 25.03.2023 |
| പരിശീലന പരിപാടികൾ | 05.04.2023 വരെ |
| തദ്ദേശ സ്ഥാപനതല യോഗങ്ങൾ | 18.03.2023 |
| ജന പ്രതിനിധികളുടെ നേതൃത്വത്തിൽ ഗൃഹ/ സ്ഥാപന സന്ദർശനം | 25.03.2023-നകം |
| ഉറവിടതല മാലിന്യ സംസ്കരണ സംവിധാനമില്ലാത്ത കുടുംബങ്ങളെ കണ്ടെത്തി റിപ്പോർട്ട് ചെയ്യൽ | 31.03.2023 |
| **മാലിന്യം ഉറവിടത്തിൽ തന്നെ തരംതിരിക്കൽ** | **30.3.2023 മുതൽ 05.06.2023 വരെ** |
| വാതിൽപ്പടി ശേഖരണം നടക്കാത്ത വീടുകൾ/ സ്ഥാപനങ്ങൾ കണ്ടെത്തൽ | 31.03.2023 |
| വാതിൽപ്പടി ശേഖരണം വേണ്ട വീടുകളെയും സ്ഥാപനങ്ങളെയും ഹരിതകർമ്മ സേനയുമായി കരാറിൽ ഏർപ്പെടുത്തൽ | 15.04.2023 |
| പുതുതായി ചേർന്ന ഹരിത കർമ്മ സേന അംഗങ്ങൾക്കുള്ള പരിശീലനം | 20.04.2023 |
| സാങ്കേതിക സഹായത്തിനായി സാങ്കേതിക ഏജൻസികൾ, സേവന ദാതാക്കൾ, ഹരിത സഹായ | 15.04.2023 |

| | |
|---|---|
| സ്ഥാപനം എന്നിവരുടെ കൺസോർഷ്യം രൂപീകരിക്കൽ | |
| ക്ലീൻ കേരള കമ്പനിക്ക് കീഴിൽ പ്രവർത്തിക്കുന്ന എം.സി.എഫ്/ ആർ.ആർ. എഫ്-കളിൽ നിന്ന് അജൈവ മാലിന്യങ്ങൾ യഥാസമയം നീക്കം ചെയ്യുന്നതിനായി ട്രാൻസ്പോർട്ട് ഏജൻസികളുമായുള്ള കൺസോർഷ്യം രൂപീകരിക്കൽ. | 15.04.2023 |
| അജൈവ മാലിന്യത്തിന്റെ വാതിൽപ്പടി ശേഖരണം സാർവത്രികമാക്കൽ | 05.06.2023 |
| വീടുകളിലും സ്ഥാപനങ്ങളിലും ജൈവമാലിന്യം സംസ്കരിക്കുന്നതിനായി ഉറവിട ജൈവമാലിന്യ സംസ്കരണ സംവിധാനങ്ങൾ സ്ഥാപിക്കൽ | 15.05.2023 |
| ഗാർഹിക മാലിന്യ സംസ്കരണ സംവിധാനങ്ങളുടെ വിലയിരുത്തൽ | 12.04.2023 മുതൽ 15.04.2023 വരെ |
| സ്ഥാപന-ഗാർഹിക മാലിന്യ സംസ്കരണ സംവിധാനങ്ങൾ വിലയിരുത്തുന്നതിനായി വിജിലൻസ് സ്ക്വാഡുകളുടെ പരിശോധന | 30.04.2023 |
| അജൈവമാലിന്യം 100% ഉറവിടത്തിൽ തരംതിരിക്കൽ | 30.05.2023 |
| മിനി എംസിഎഫ്, എംസിഎഫ് എന്നിവയുടെ അവസ്ഥയും നിലവിലുള്ള<br><br>സൗകര്യങ്ങളും വിലയിരുത്തൽ | 31.03.2023 |
| ആവശ്യമുള്ളിടത്ത് താൽക്കാലിക എം.സി.എഫ് സ്ഥാപിക്കൽ | 15.05.2023 |
| എം.സി.എഫ്, ആർ.ആർ.എഫ് എന്നിവയിൽ വെയിംഗ് മെഷീനുകൾ, രജിസ്റ്ററുകൾ, അഗ്നി സുരക്ഷാ ഉപകരണങ്ങൾ ഉൾപ്പെടെയുള്ള എല്ലാ അടിസ്ഥാന സൗകര്യങ്ങളും ഉറപ്പാക്കൽ | 15.04.2023 |
| എം.സി.എഫ്-ൽ സംഭരിച്ചിരിക്കുന്ന അജൈവമാലിന്യങ്ങൾ യഥാസമയം നീക്കം ചെയ്യൽ | 30.03.2023 മുതൽ 05.04.2023 വരെ |
| എല്ലാ സർക്കാർ ഓഫീസുകളിലും ശുചീകരണം നടത്തൽ-മാലിന്യമുക്ത സ്ഥാപനങ്ങളാക്കി മാറ്റൽ | 15.04.2023 |
| ധാരാളം മാലിന്യം ഉൽപ്പാദിപ്പിക്കുന്ന സ്ഥാപനങ്ങളിൽ ശാസ്ത്രീയ മാലിന്യ സംസ്കരണ സംവിധാന ക്രമീകരണം | 30.06.2023 |
| ശാസ്ത്രീയ മാലിന്യ സംസ്കരണ രീതി പിന്തുടരുന്നതിൽ വീഴ്ച | 30.03.2023 മുതൽ |

| | |
|---|---|
| വരുത്തുന്നവർക്കെതിരെ നടപടി | |
| ഹരിത മിത്രം ആപ്പിലൂടെ പരാതി പരിഹാരത്തിനായുള്ള സംവിധാനം | 25.03.2023 |
| ഉറവിട മാലിന്യ തരംതിരിവ്, ഉറവിട മാലിന്യ സംസ്കരണം, എന്നിവയെക്കുറിച്ചുള്ള അവബോധം സൃഷ്ടിക്കലും നടപ്പിൽ വരുത്തലും | 01.04.2023 മുതൽ 01.06.2023 വരെ |
| ഉറവിട മാലിന്യ സംസ്കരണ രീതി സംബന്ധിച്ച ബോധവൽക്കരണ പരിപാടിയിൽ വിട്ടുപോയവർക്ക് ഉൾ പ്പെടെ 1 0 0 % മാലിന്യ സംസ്കരണ അവബോധം ഉറപ്പാക്കൽ | 30.09.2023 (ഹ്രസ്വകാലം) |
| സർക്കാർ സ്ഥാപനങ്ങളിൽ നിന്നും ഉപയോഗശൂന്യമായ ഫർണിച്ചറുകൾ, ഇ- മാലിന്യങ്ങൾ എന്നിവ നീക്കം ചെയ്യൽ | 30.04.2023 |
| കോഴിമാലിന്യം- റെൻഡറിംഗ് മാർഗ്ഗനിർദ്ദേശങ്ങൾ സാർ വത്രികമാക്കൽ (പ്രവർത്തിക്കുന്ന റെൻഡറിംഗ് പ്ലാന്റുകളില്ലാത്ത ജില്ലകൾ ഒഴികെ) | 31.05.2023 |
| ഹരിത മിത്രം ആപ്പ് സാർവത്രികമാക്കൽ | 150 LSG-കൾ - 30.10.2023 (ഹ്രസ്വകാലം)<br><br>ബാക്കിയുള്ള LSGI-കൾ 31.03.2024 (ദീർഘകാലം) |
| താൽക്കാലിക എം.സി.എഫ്-കൾക്ക് പകരം സ്ഥിരം എം.സി.എഫ്-കൾ സജ്ജീകരിക്കൽ | 31.03.2024 (ദീർഘകാലം) |
| **മാലിന്യക്കുനകൾ വൃത്തിയാക്കൽ** | **31.03.2023 മുതൽ 25.05.2023 വരെ** |
| മാലിന്യ നിക്ഷേപമുള്ള പ്രദേശങ്ങൾ പട്ടികപ്പെടുത്തൽ | 31.03.2023 |
| കണ്ടെത്തിയ പ്രദേശങ്ങളെ ഡിജിറ്റലൈസ് ചെയ്യൽ | 15.04.2023 |
| മാലിന്യ നിക്ഷേപ പൊതു ഇടങ്ങൾ വൃത്തിയാക്കൽ | 30.04.2023 |
| സ്വകാര്യ ഭൂമിയിലെ മാലിന്യക്കുനകൾ നീക്കം ചെയ്യൽ | 05.05.2023 |
| വൃതിയാക്കിയതിന് സമീപ പ്രദേശത്ത് (ക്യാച്ച്മെന്റ് ഏരിയയിൽ) 100% വാതിൽപ്പടി ശേഖരണം ഉറപ്പാക്കൽ | 15.05.2023 |

| | |
|---|---|
| | |
| മാലിന്യം ശേഖരിക്കുന്നതിനുള്ള ബിന്നുകൾ, മാലിന്യം വലിച്ചെറിയുന്നതിനെതിരെ ബോർഡുകൾ എന്നിവ ഹരിത കർമ്മസേനയുടെ മേൽനോട്ടത്തിൽ സ്ഥാപിക്കൽ | 25.05.2023 |
| മാലിന്യം നീക്കം ചെയ്ത സ്ഥലങ്ങളിൽ സിസിടിവി നിരീക്ഷണ സംവിധാനങ്ങൾ സ്ഥാപിക്കൽ | 30.10.2023 (ഹ്രസ്വകാലം) |
| ചെറിയ മാലിന്യക്കൂനകൾ നീക്കം ചെയ്യൽ | 31.08.2023 (ഹ്രസ്വകാലം) |
| കാലപ്പഴക്കമുള്ള വലിയ മാലിന്യ നിക്ഷേപകേന്ദ്രങ്ങളുടെ ബയോമൈനിംഗ് സംമയബന്ധിതമായി പൂർത്തിയാക്കൽ | 31.03.2024 (ദീർഘകാലത്തേക്ക്) |

| | |
|---|---|
| **കൊതുക് നശീകരണം** | |
| ഡ്രൈ ഡേ- വീടുകളിൽ ഞായറാഴ്ചയും സ്ഥാപനങ്ങളിൽ വെള്ളിയാഴ്ചയും | 31.03.2023 മുതൽ |
| കൊതുക് പ്രജനന കേന്ദ്രങ്ങളായ കെട്ടിക്കിടക്കുന്ന വെള്ളം /സ്രോതസ്സുകൾ വൃത്തിയാക്കൽ | 10.04.2023 |
| കൊതുക് പ്രജനന സാധ്യതയുള്ള പൊതു ഇടങ്ങളിലും, നിർമ്മാണ ഇടങ്ങലിലും തോട്ടങ്ങളിലും ഉറവിട നശീകരണം. | 30.04.2023 |
| ഓടകൾ, അഴുക്ക് ചാലുകൾ എന്നിവ വൃത്തിയാക്കൽ | 30.04.2023 |
| കുടിവെള്ള സ്രോതസ്സുകളുടെ ക്ലോറിനേഷൻ | 15.04.2023 |

| | |
|---|---|
| **ജലാശയങ്ങൾ വൃത്തിയാക്കൽ** | **31.03.2023 മുതൽ 05.05.2023 വരെ** |
| പൊതു ടോയ്‌ലറ്റുകളുടേയും കുളിമുറികളുടേയും ശുചിത്വം ഉറപ്പാക്കൽ | 15.04.2023 |
| എം.ജി.എൻ.ആർ.ഇ.ജി.എസ്-ന് കീഴിൽ സോക് പിറ്റുകൾ നിർമ്മിക്കൽ | മാർച്ച്-ജൂൺ 2023 |
| മാലിന്യ നിക്ഷേപമുള്ള ജലാശയങ്ങളുടെ പട്ടിക തയ്യാറാക്കി വൃത്തിയാക്കൽ. | 31.03.2023 |
| ജലാശയങ്ങളിലെ അജൈവ മാലിന്യം നീക്കം ചെയ്ത് ജലാംശം ഒഴിവാക്കി/ഉണക്കി/ തരംതിരിച്ച് സംസ്കരണത്തിന് കൈമാറൽ | 30.04.2023 |
| ക്ലീൻ കേരള കമ്പനി വഴി നിഷ്ക്രിയ മാലിന്യങ്ങൾ നീക്കം ചെയ്യൽ | 05.05.2023 |

| | |
|---|---|
| | |
| ജലാശയങ്ങളിലെ മാലിന്യം/തടസ്സം നീക്കം ചെയ്ത് നീരൊഴുക്ക് ഉറപ്പാക്കൽ. | 15.04.2023-നകം |
| ബണ്ട് ബലപ്പെടുത്തുന്നതിന് നീക്കം ചെയ്ത മണ്ണ് ചെളി എന്നിവ ഉപയോഗപ്പെടുത്തൽ | 18.04.2023 |
| ജലസ്രോതസ്സുകളിൽ മാലിന്യം തള്ളുന്നതിനെതിരായ നടപടിയും തുടർ നിരീക്ഷണ സംവിധാനവും ഉറപ്പാക്കൽ | 15.03.2023 മുതൽ |
| ജലാശയങ്ങളിലേക്ക് മലിനജലം ഒഴുക്കുന്ന പൈപ്പുകൾ/ചാലുകൾ കണ്ടെത്തൽ/ ഒഴിവാക്കൽ, പിഴ ചുമത്തൽ. | 15.03.2023 മുതൽ |
| **പൊതു ഓഡിറ്റ്** | **15.04.2023 മുതൽ 15.07.2023 വരെ** |
| മാലിന്യ രഹിത ഇടങ്ങളുടെ പ്രഖ്യാപനം | 15.05.2023 മുതൽ |
| മാലിന്യമുക്ത വാർഡുകളുടെ പ്രഖ്യാപനം | 20.05.2023 മുതൽ |
| പബ്ലിക് ഓഡിറ്റ് മാർഗ്ഗനിർദ്ദേശങ്ങൾ പുറത്തിറക്കൽ | 15.04.2023 |
| പബ്ലിക് ഓഡിറ്റിനുള്ള ടീമിനെ നിയോഗിക്കൽ | 25.04.2023 |
| പബ്ലിക് ഓഡിറ്റ് ടീമിന് പരിശീലനം | 10.05.2023 |
| പൊതു ഓഡിറ്റിംഗ് | 01.06.2023 മുതൽ 30.09.2023 വരെ |
| ഓഡിറ്റ് റിപ്പോർട്ട് തയ്യാറാക്കൽ | 06.06.2023 |
| റിപ്പോർട്ട് അടിസ്ഥാനമാക്കിയുള്ള തിരുത്തൽ നടപടി | 30.06.2023 |
| റിപ്പോർട്ട് പ്രകാരം സ്വീകരിച്ച നടപടികളുടെ അവലോകനം | 15.07.2023 |

**നടപ്പിലാക്കുന്നതിനുള്ള ഉത്തരവാദിത്തങ്ങൾ**

| ഉത്തരവാദിത്തം | ഉത്തരവാദിത്തമുള്ള വ്യക്തി |
|---|---|
| • തദ്ദേശ സ്ഥാപന തലത്തിൽ പ്രവർത്തനങ്ങളുടെ ഏകോപനവും നടപ്പാക്കലും സംവിധാനങ്ങൾ ഉറപ്പാക്കലും.<br>• തെറ്റായ രീതിയിൽ മാലിന്യം കൈകാര്യം ചെയ്യുന്നവർക്കെതിരെ നിയമ നടപടി സ്വീകരിക്കൽ<br>• തദ്ദേശ സ്ഥാപനതലത്തിൽ അവലോകനം- മോണിട്ടറിംഗ്, ജില്ലയ്ക്കും സംസ്ഥാനത്തിനും യഥാസമയം പ്രവർത്തനം റിപ്പോർട്ട് | ഗ്രാമ പഞ്ചായത്ത് -സെക്രട്ടറി<br>മുനിസിപ്പാലിറ്റികൾ - സെക്രട്ടറി & ഹെൽത്ത് ഇൻസ്പെക്ടർ/ഹെൽത്ത് സൂപ്പർവൈസർ<br>കോർപ്പറേഷൻ- സെക്രട്ടറി & |

| | |
|---|---|
| ചെയ്യലും | ഹെൽത്ത് ഓഫീസർ |
| • ജില്ലാതല ഏകോപനവും ജില്ലാ വാർ റൂമും | ജോയിന്റ് ഡയറക്ടർ<br>എൽ.എസ്.ജി.ഡി |
| • ആക്ഷൻ പ്ലാനിലെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകൽ, ഏകോപിപ്പിക്കൽ, അവലോകനം | ജില്ലാ കളക്ടർ |
| • സംസ്ഥാനതല ഏകോപനവും സംസ്ഥാന വാർ റൂമും | പ്രിൻസിപ്പൽ ഡയറക്ടർ<br>എൽ.എസ്.ജി.ഡി |

പ്രസ്തുത ഉത്തരവിൽ കൊച്ചി മുനിസിപ്പൽ കോർപ്പറേഷനും എറണാകുളം ജില്ലയിലെ മറ്റ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ബഹു.ഹൈക്കോടതിയുടെ നിർദ്ദേശങ്ങൾ പാലിച്ച് പ്രത്യേക ഉത്തരവ് പുറപ്പെടുവിക്കുന്നതാണെന്ന് വ്യക്തമാക്കിയിരുന്നു. ബഹു: വ്യവസായ മന്ത്രിയും ബഹു: തദ്ദേശ ഭരണ മന്ത്രിയും ബഹു: പ്രതിപക്ഷ നേതാവും എറണാകുളം ജില്ലയിലെ മറ്റു ജനപ്രതിനിധികളുമായി ചർച്ച ചെയ്ത സമയ ക്രമം അനുസരിച്ച് നടപടികൾ ആരംഭിച്ചിട്ടുണ്ട്. ആയതു ആസ്പദമാക്കി കൊണ്ട് കൊച്ചി മുനിസിപ്പൽ കോർപ്പറേഷനും എറണാകുളം ജില്ലയിലെ മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുമുള്ള സമയക്രമവും ചുവടെയുള്ള നിർദ്ദശങ്ങളും നൽകുന്നു. ഇവ കർശനമായി പാലിക്കേണ്ടതാണ്.

**ഉറവിടമാലന്യസംസക്കരണം**

- ഉറവിടമാലന്യസംസക്കരണ സംവിധാനം ഏപ്രിൽ 10 നകം എല്ലാ വീട്ടുകളിലും സ്ഥാപനങ്ങളിലും ഉറപ്പാക്കണം.
- മാർച്ച് 15നകം എല്ലാവർക്കും നോട്ടീസ് വിതരണം ചെയ്യണം.
- വാർഡ് മെമ്പർ, പൊതുപ്രവർത്തകർ എന്നിവർ അടങ്ങിയ സംഘം മാർച്ച് 14-16 വീട്ടുകയറി നിർദ്ദേശം നൽകണം.
- എത്ര വീട്ടുകൾ / സ്ഥാപനങ്ങൾ ഇല്ല എന്ന കണക്ക് കൃത്യം എണ്ണം മാർച്ച് 17 ന് ലഭ്യമാക്കണം.
- എൻഫോഴ്സമെന്റ് സ്ക്വാഡ് ജോയിന്റ് ഡയറക്ടറുടെ നേതൃത്വത്തിൽ ഉറപ്പ വരുത്തണം.
- ഏപ്രിൽ 12 നുള്ളിൽ വാർഡ് മെമ്പറുടെ റിപ്പോർട്ട് LSG അദ്ധ്യക്ഷർക്ക് നൽകണം. നടപ്പാക്കാത്ത എത്ര വീട് ? എത്ര സ്ഥാപനം ?
- ഏപ്രിൽ 15 നകം അദ്ധ്യക്ഷൻ - സെക്രട്ടറി മുഖേന നടപ്പാക്കാത്ത വീട് / സ്ഥാപനം എന്നിവയ്ക്കെതിരെ നിയമാനുസൃത നടപടി എടുത്തു എന്ന് ഉറപ്പവരുത്തണം.
- എപ്രിൽ 30 നകം വിജിലൻസ് സ്ക്വാഡുകൾ SWM Rulesന്ടെ പരിപാലനം (compliance) പരിശോധിക്കണം. ഉറവിട സംസ്കരണം, ഉറവിടത്തിൽ തരം തിരിക്കൽ നടപ്പാക്കാത്തതു റിപ്പോർട്ട് ചെയ്യണം. നടപടി സ്വീകരിക്കാതിരുന്നാൽ സെക്രട്ടറി ഉത്തരവാദിയാകും.
- Flat, Gated Colony കൾ എന്നിവിടങ്ങളിലും കമ്മ്യൂണിറ്റി സംവിധാനം നടപ്പിലാക്കണം.
- ഫ്ലാറ്റ് റസിഡൻഷ്യൽ കോളനി അസോസിയേഷൻ ഭാരവാഹികൾക്ക് നോട്ടീസ്

നൽകണം.

**വിതിൽപ്പടി സേവനം**

- ഇപ്പോൾ ഹരിത കർമ്മ സേന എത്ര വാർഡിൽ ഉണ്ട് എന്ന കണക്ക് സെക്രട്ടറിയെ അറിയിക്കണം.
- എല്ലാ വർഡിലും 2 പേരടങ്ങയി ഹരിതകർമ്മസേന മാർച്ച് 25 നകം നിലവിൽ വരണം.
- എൽ.എസ്.ജി. തലത്തിൽ 26-30 വരെ ഹരിതകർമ്മ സേനയ്ക്ക് പരിശീലനം നൽകണം.
- ശേഖരിച്ചവയുടെ വ്യക്തമായ പട്ടിക നൽകണം.
- ഏപ്രിൽ 1 മുതൽ പ്രവർത്തനം ആരംഭിക്കണം. സ്മാർട്ട് ഗാർബേജ് ആപ്ലിക്കേഷൻ, എല്ലാ വിട്ടുകളിലും സ്ഥാപനങ്ങളിലും ക്യൂ ആർ കോഡ് പതിക്കണം.
- മെയ് 1 മുതൽ 100% കവറേജ് ഉണ്ടായിരിക്കണം.
- യൂസർ ഫീ അതിദരിദ്രവിഭാഗം ഒഴികെ എല്ലാ വിട്ടുകൾക്കും ബാധകമാക്കണം.
- കുടശ്ശിക വസ്തുനികുതിക്കൊപ്പം ശേഖരിക്കുന്നത് പരിശോധക്കണം.
- നിയമനടപടി.

**സംഭരണം**

- എല്ലാ LSGI യിലും MCF മാർച്ച് 31 നകം ഒരുക്കണം.
- എത്രയും പെട്ടെന്ന് നിലവിലുള്ള MCF ന്റെ കണക്ക് ലഭ്യമാക്കണം.
- Segregation ഫലപ്രദമായി നടപ്പാക്കണം.
- CKCL സ്വകാര്യ കമ്പനികൾ എന്നിവയും അസംസ്കൃത മാലിന്യം സംഭരിക്കാനും പ്രോസസ്സ് ചെയ്യാനും ഏൽപ്പിക്കണം. രേഖാമൂലമുള്ള എഗ്രിമെന്റ് സ്വകാര്യ സംരംഭകർക്ക് നിർബന്ധമാക്കണം. എവിടേയ്ക്ക് കൊണ്ടുപോകുന്നു എന്ന് ജില്ലാ ഭരണകൂടം മോണിട്ടർ ചെയ്യണം. ആയതിന് GPS സാങ്കേതിക വിദ്യ ഉപയോഗിക്കാവുന്നതാണ്.

**ദ്രവമാലിന്യ ശുചിമുറി മാലിന്യ സംസക്കരണം**

- സ്വകാര്യ ഏജൻസികളുടെ പ്രവർത്തനം മേണിട്ടർ ചെയ്യണം.
- നിലവിലുള്ള പ്ലാന്റുകളുടെ ശേഖരമനുസരിച്ച് ക്രമീകരിക്കണം.
- ജലസ്രോതസ്സുകളിൽ തള്ളുന്നില്ല എന്ന് ഉറപ്പുവരുത്തണം.

**പൊതുസ്ഥലങ്ങളിലെ മാലിന്യം നീക്കൽ**

- മാർച്ച് 31 മുതൽ മെയ് 10 വരെ
- ഹരിതകർമ്മ സേന, NREGS, രാഷ്ട്രീയ പാർട്ടികൾ, സന്നദ്ധ സംഘടനകൾ, യുവജന സംഘടനകൾ, NSS, SPC, കുടുംബശ്രീ, റസിഡൻസ് അസോസിയേഷൻ എന്നിവയുടെ ലിസ്റ്റ് എൽ.എസ്.ജി.ഐ. തലത്തിൽ തയ്യാറാക്കി യോഗം ചേർന്ന് അവർ വൃത്തിയാക്കേണ്ട കേന്ദ്രങ്ങളും, അനുയോജ്യമായ ദിവസവും നിശ്ചയിക്കണം.
- ഹോട്ട് സ്പോട്ടുകൾ നിശ്ചയിക്കണം.
- പ്രധാന തെരുവിൽ ദൈർഘ്യം നിശ്ചയിക്കണം.
- വൃത്തിയാക്കി ബോർഡ് വയ്ക്കണം.

- ആവശ്യമുള്ളിടത്ത് camera surveillance, LSGI, Sponsorship എന്നിവയിലൂടെ സ്ഥാപിക്കണം.
- ഓരോ വാർഡിലും ചുരുങ്ങിയത് 100 വോളണ്ടിയർമാരെങ്കിലും റിക്രൂട്ട് ചെയ്യണം.
- മെയ് 1 മുതൽ പ്രധാന കേന്ദ്രങ്ങളിലെല്ലാം പ്രത്യേകം പ്രത്യേകം വേസ്റ്റ് ബിൻ സ്ഥാപിക്കണം.
- സ്പോൺസർഷിപ്പിലൂടെ കണ്ടെത്തണം.
- ദിനംപ്രതി ഹരിതകർമ്മസേന അത് MCF ലേയ്ക്ക് മാറ്റണം.

<u>ജലസ്രോതസ്സുകളുടെ ശുചീകരണം.</u>

- മാർച്ച് 31 മുതൽ മെയ് 5 വരെ
- എല്ലാ ആഴ്ചയും കൗൺസിൽ / ബോർഡ് യോഗം ചേർന്ന് വിലയിരുത്തണം. പുരോഗതി റിപ്പോർട്ട് ചെയ്യണം.
- ഹെൽത്ത് കമ്മിറ്റി ചെയർമാന്റെ നേതൃത്വത്തിൽ ദൈനംദിനം വിലയിരുത്തണം.
- സെക്രട്ടറി ദിവസേന റിപ്പോർട്ട് ജില്ലാ ഭരണ കൂടത്തിന് നൽകണം.

<u>Empowered Committee, ജില്ലാ വാർറൂം</u>

- ഡി.ഡി.സി., ജോയിന്റ് ഡയറക്ടർ, ഡി.എം.സി., കുടുംബശ്രീ, കോർപ്പറേഷൻ സെക്രട്ടറി, ഹരിത കേരള മിഷൻ, ശുചിത്വമിഷൻ, NREGS എന്നിവരെ കമ്മിറ്റിയിൽ ഉൾപ്പെടുത്തണം.
- മെയ് 22ന് കൗൺസിൽ യോഗങ്ങൾ ചേർന്ന് വിശദറിപ്പോർട്ട് അംഗീകരിച്ച് രേഖാമൂലം സമർപ്പിക്കണം.
- മെയ് 24-31 വിജിലൻസ് വിഭാഗം പരിശോധന നടത്തി ഉറപ്പുവരുത്തണം.
- സോഷ്യൽ ഓഡിറ്റ് സംവിധാനം ഏർപ്പെടുത്തണം.

<u>IEC</u>

- പത്രങ്ങൾ, ടി.വി.ചാനലുകൾ, പ്രാദേശിക ചാനലുകൾ സോഷ്യൽ മീഡിയ, പ്രമുഖരെ / സെലിബ്രിറ്റികൾ എന്നിവരെ IEC ആയി അണിനിരത്തണം.
- ജൂൺ 5-ന് മാലിന്യ മുക്ത പ്രഖ്യാപനം നടത്തണം.

പ്രത്യേകമായി സൂചിപ്പിക്കാത്ത തീയതികളെ സംബന്ധിച്ച് സംസ്ഥാനത്തേക്കു വേണ്ടി പുറപ്പെടുവിച്ചിട്ടുള്ള പൊതു നിർദേശങ്ങളിലെ സമയക്രമം ബാധകമായിരിക്കും.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശാരദ മുരളീധരൻ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
ഡയറക്ടർ, തദ്ദേശസ്വയംഭരണ (അർബൻ) വകുപ്പ്.
ഡയറക്ടർ, തദ്ദേശസ്വയംഭരണ (റൂറൽ) വകുപ്പ്.
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.

മാനേജിംഗ് ഡയറക്ടർ, ക്ലീൻ കേരള കമ്പനി.

എറണാകുളം ജില്ലയിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിമാർക്കും (പ്രൻസിപ്പൽ ഡയറക്ടർ മുഖേന)

സെക്രട്ടറി, കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ.

ജില്ലാ കളക്ടർ, എറണാകുളം.

ഡയറക്ടർ, ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്.

ഓഫീസ് കോപ്പി / കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Prasanth C
സെക്ഷൻ ഓഫീസർ
Date: 20-03-2023 10:38:45

പകർപ്പ് :-

തദ്ദേശസ്വയംഭരണ മന്ത്രിയുടെ പി.എസ്.ന്

തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്.